Draft #2 of File 24474/AC A1/2/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 10-Mar-2020 03:12 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭിന്നശേഷിക്കാരുടെ സംവരണം 3 % എന്നത് നിലനിർ ത്തികൊണ്ടും , എല്ലാ കോഴ്സുകളിലും സംവരണം ഉറപ്പാക്കുവാൻ തീരുമാനിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1454/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.03.2020

---

*പരാമർശം:*-1)27.06.2019 തീയതിയിൽ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ നിന്നുമുള്ള കത്ത് നമ്പർ .1583/എസ്2 / 19/ എസ്.സി.പി.ഡബ്ളിയൂ.ഡി.

2)23.01.2020 തീയതിയിൽ സമർപ്പിച്ചിരിക്കുന്ന സിന്റിക്കേറ്റിലേക്കുള്ള കുറിപ്പ് നമ്പർ 24474/AC A1/2/2019.

3)15.02.2020 തീയതിയിൽ കൂടിയ സിന്റിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ :168/20.01/DDFS-24474/2019.

**ഉത്തരവ്**

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിൽ 5% സംവരണം ഉറപ്പാക്കുവാൻ നിർദേശിച്ചുകൊണ്ടു ഭിന്നശേഷിക്കാർക്ക് ആയിട്ടുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ നിന്നും പരാമർശം (1) പ്രകാരം കത്ത് ലഭിച്ചിരുന്നു. നിലവിൽ സർവകലാശാലയിൽ യു.ജി,പി.ജി പ്രവേശനത്തിന് 3% സംവരണമാണ് PWD(Persons with Disabilities) വിഭാഗത്തിന് അനുവദിച്ചിട്ടുള്ളത്.

സർവകലാശാലയുടെ പ്രവേശന പ്രക്രിയ കൈകാര്യം ചെയ്യുന്ന CAP സെക്ഷന്റെ അഭിപ്രായം വിഷയത്തിന്മേൽ ആരാഞ്ഞിരുന്നു. പ്രസ്തുത സീറ്റുകളിലേക്ക് നിലവിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്കായി മഹാത്മാ ഗാന്ധി സർവ്വകലാശാല പിന്തുടരുന്ന പ്രവേശന മാനദണ്ഡങ്ങൾ CAP സെക്ഷനിൽ നിന്നും താഴെ പറയും വിധം വിശദീകരിച്ചിരുന്നു.

1.സർവകലാശാല ഭിന്നശേഷിക്കാർക്കായി 3% സംവരണം നൽകുന്നുണ്ടെങ്കിലും ഇതു എയ്ഡഡ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും പൊതുവിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ നിന്നും, സർക്കാർ കോളേജുകളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി ഉൾപ്പെടുന്ന സംവരണ വിഭാഗത്തിൽ നിന്നുമാണ് നൽകിവരുന്നത്.

2.ഭിന്നശേഷിയിൽപെട്ടവർക്കായുള്ള blind, deaf, Orthopaedically handicapped വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികൾക്കായി പ്രത്യേകം സംവരണം നിലവിൽ നൽകുന്നില്ല.

3.അന്ധരായ വിദ്യാർത്ഥികൾക്ക് സയൻസ് വിഷയങ്ങളിൽ നിലവിൽ പ്രവേശനത്തിന് അർഹതയില്ലാത്ത സാഹചര്യത്തിൽ ഇത്തരത്തിൽ പ്രത്യേക സംവരണം പ്രസക്തമാവുന്നില്ല.

4.16.05.2015 ലെ സർവകലാശാല ഉത്തരവ് നമ്പർ 2714/എ1/2015/അക്കാഡമിക് പ്രകാരം നിലവിൽ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 3% സീറ്റുകളിൽ മിച്ചം വരുന്ന സീറ്റുകൾ "ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ്" നു നൽകാമെന്ന് നിഷ്കർഷിച്ചിട്ടുള്ളതും തുടർന്ന് ടി വ്യവസ്ഥാ

പ്രവേശന നിയമങ്ങളിൽ ഉൾക്കോള്ളിച്ചിട്ടുള്ളതുമാകുന്നു.

5.ഭിന്നശേഷിക്കാരെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾ (യോഗ്യത,ഭിന്നശേഷി തെളിയിക്കുന്ന രേഖകൾ)സർവ്വകലാശാലയുടെ പ്രവേശന നിയമങ്ങളിൽ നിലവിൽ കൃത്യമായി പരാമർശിച്ചിട്ടുള്ളതും, മാറ്റങ്ങൾ ആവശ്യമില്ലാത്തതുമാണ്.

Rights of Persons with Disabilities Act,2016 Clause 32(1) of chapter VI ലെ വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിയിൽപെട്ടവർക്കായുള്ള പ്രവേശന സംവരണം 5% ആക്കുമ്പോൾ മഹാത്മാ ഗാന്ധി സർവകലാശാലയിലെ നിലവിലുള്ള പ്രവേശന നിയമങ്ങളിൽ 3% സംവരണം എന്നുള്ളത്,"5% over and above sanctioned strength" എന്ന രീതിയിലുള്ള മാറ്റം മാത്രമായി നല്കാവുന്നതും ഇതുമായി ബന്ധപ്പെട്ട മറ്റു മാനദണ്ഡങ്ങൾ നിലവിലെ രീതിയിൽ തുടരുന്നതാണ് അഭികാമ്യമെന്നും എസി.ബി6 (CAP) സെക്ഷൻ രേഖപ്പെടുത്തിയിരുന്നു.

പ്രസ്തുത വിഷയത്തിൽ സർവകലാശാല നിയമവിഭാഗത്തിന്റെ അഭിപ്രായവും തേടിയിരുന്നു. കേരള സർവകലാശാലയുടെ 2019 -2020 വർഷത്തെ അഡ്മിഷൻ പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ നിലവിലെ ഭിന്നശേഷിക്കാർക്കായുള്ള സംവരണ തത്വങ്ങളെ ബാധിക്കാതെ എം.ജി.സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് ഉചിതമാകും എന്ന് സൂചിപ്പിച്ചുകൊണ്ട് പ്രസ്തുത വിഭാഗത്തിൽ നിന്നും മറുപടി ലഭിച്ചിരുന്നു.

മേൽ പരാമർശിച്ച ഇരു സെക്ഷനുകളുടെയും അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു, വിഷയത്തിന്മേൽ തീരുമാനമാകുന്നതിനായി പരാമർശം (2)പ്രകാരം സിന്റിക്കേറ്റിലേക്കു കുറിപ്പ് സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച സർവകലാശാല സിൻഡിക്കേറ്റ്, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ സംവരണം സർവകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപെട്ടു പരാമർശം (3) പ്രകാരം താഴെ പറയും വിധം തീരുമാനിച്ചിരിക്കുന്നു.

**"ഭിന്നശേഷിക്കാരുടെ സംവരണത്തിൽ തൽസ്ഥിതി തുടരാനും നിലവിലെ 3 % സംവരണം എല്ലാ കോഴ്സുകളിലും ഉറപ്പാക്കുവാനും തീരുമാനിച്ചു."**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി.സി ,പി.വി.സി.എന്നിവരുടെ പി.എസ്.മാർ
2.രജിസ്ട്രാർ, സി.ഇ, എഫ്.ഒ എന്നിവരുടെ പി.എ.മാർ
3.എ.ആർ / ഡി.ആർ / ജെ.ആർ (അക്കാഡമിക്,പരീക്ഷ)
4.എ.സി ബി 6 /എ.സി ബി 7 / വിവിധ അക്കാഡമിക് സെക്ഷനുകൾ
5.പി ആർ ഒ /എൻക്വയറി / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6.സ്റ്റോക്ക് ഫയൽ/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

Draft #2 of File 24474/AC A1/2/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 10-Mar-2020 03:12 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #2 of File 24474/AC A1/2/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 10-Mar-2020 03:12 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം